**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3179** **07-10-2025 - ൽ മറുപടിയ്ക്ക്**

**കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (എ) | 5 മുതൽ 12 വരെ ക്ലാസുകളിൽ കായികം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോവർ പ്രൈമറി വിഭാഗത്തിൽ കായിക പാഠപുസ്തകം തയാറാക്കുന്നതിന് നടപടി പുരോഗമിക്കുകയാണ്. അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം തയാറാക്കി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി കായിക വകുപ്പ് കുട്ടികൾക്കും അദ്ധ്യാപകർക്കുമുള്ള കൈപ്പുസ്തകം തയ്യാറാക്കുന്നതിന് തീരുമാനം കൈകൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 5 മുതൽ 12 വരെ ക്ലാസുകളിൽ കായികം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോവർ പ്രൈമറി വിഭാഗത്തിൽ കായിക പാഠപുസ്തകം തയാറാക്കുന്നതിന് നടപടി പുരോഗമിക്കുകയാണ്. അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം തയാറാക്കി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കായികാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും മികവ് തെളിയിച്ചിട്ടുള്ള കായികതാരങ്ങളെ റിസോഴ്സ് പേഴ്സൺമാരായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ; | (സി) | കായിക വകുപ്പ് വഴി നടപ്പിലാക്കുന്ന ഗ്രാസ്റൂട്ട് പരിശീലന പദ്ധതികളായ ഗോൾ, പഞ്ച്, ഹൂപ്സ്, ജൂഡോക്കോ എന്നിവയ്ക്ക് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും മികവ് തെളിയിച്ചിട്ടുള്ള കായിക താരങ്ങളെ പരിശീലകരായി കായിക വകുപ്പിന് കീഴിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | കായിക പാഠപുസ്തകങ്ങൾ തയ്യാറാക്കുമ്പോൾ മയക്കുമരുന്നിനും ലഹരി വസ്തുക്കൾക്കും എതിരെയുള്ള ബോധവൽക്കരണ സന്ദേശങ്ങൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ? | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ